കർഷകരിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത

*23 [296] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകരിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതയുടെ കാരണങ്ങൾ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കർഷകർക്ക് കഴിയാതെ വന്നതാണ് ആത്മഹത്യാ വർദ്ധനവിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കർഷകനെ കടക്കെണിയിൽനിന്നും സ്വതന്ത്രനാക്കാനും ശുഭാപ്തി വിശ്വാസമുള്ളവനാക്കാനും വേണ്ടി എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വരൾച്ച മൂലമുള്ള കൃഷിനാശം, വിവിധ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തത് തിരിച്ചടയ്ക്കാൻ കഴിയാതെ വരുക മറ്റു തരത്തിലുള്ള ഗാർഹിക പ്രശ്നങ്ങൾ, വ്യക്തിപരമായ കാരണങ്ങൾ, കടക്കെണി, സാമൂഹ്യ പ്രശ്നങ്ങൾ, തുടങ്ങിയവയാണ് ആത്മഹത്യാ വർദ്ധനവിന് പ്രധാനകാരണങ്ങളായി വിലയിരുത്തപ്പെടുന്നത്.

(ഡി) വരൾച്ച, പ്രകൃതിക്ഷോഭം എന്നിവമൂലമുള്ള കൃഷിനാശം കൊണ്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പല നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. 2002 ഫെബ്രുവരിയിൽ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി ഇതിനായി പ്രഖ്യാപിക്കുകയും, നടപ്പാക്കി വരികയുമാണ്. വരൾച്ച മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കർഷകർ എടുത്ത ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കുകയും ദീർഘകാല വായ്പകളുടെ അടയ്ക്കാനുള്ള കാലാവധി ഒരുവർഷം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കടം ലഭ്യമാക്കുന്നതിനും, പലിശ കുറച്ചു കിട്ടുന്നതിനും വേണ്ടി ദേശവൽകൃത ബാങ്കുകളുമായും, നബാർഡുമായും കൂടിയാലോചനകൾ നടത്തുകയുണ്ടായി. അതിൽ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലാവധിയിൽ പലിശയും, പിഴപ്പലിശയും ഈടാക്കുന്നതിൽ ഇളവനുവദിച്ചിട്ടുണ്ട്. അതിനു പുറമേ പ്രസ്തുത കാലാവധിക്കുശേഷം വായ്പത്തുക യുക്തിസഹമായ രീതിയിൽ റീഷെഡ്യൂൾ ചെയ്യുന്നതുമാണ്. വിളവെടുപ്പു കാലത്ത് മാർക്കറ്റ് ഇടപെടലിലൂടെ വില താഴാതിരിക്കാനുള്ള നടപടികളും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള ആശ്വാസ, മുൻകരുതൽ നടപടികളുടെയും കൂടി അടിസ്ഥാനത്തിൽ ഒട്ടുമിക്ക കാർഷിക, തോട്ടം ഉൽപ്പന്നങ്ങളുടെയും വില ഈ ഗവൺമെന്റ് വന്നശേഷം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇനിയും ഈ മേഖലയിൽ പ്രായോഗികമായ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

പ്ലാസ്റ്റിക് നിരോധനം

*24 [297] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോഴും വൻതോതിൽ പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്. ക്ലീൻ കേരള പദ്ധതിയോടനുബന്ധിച്ചുള്ള മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 30 മൈക്രോണിൽ താഴെ കട്ടി വരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന, വിനിയോഗം, കടത്തിക്കൊണ്ടു പോകൽ എന്നിവയ്ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 2003 സെപ്റ്റംബർ 1-ാം തീയതി മുതൽ 30 മൈക്രോണിൽ താഴെ കട്ടി വരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly